**പതിമൂന്നാം കേരളനിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 14 18.3.2013 ൽ മറുപടിക്ക്.**

**<u>കമ്പ്യൂട്ടറും ഫയൽ പ്രോസസിംഗും</u>**

**<u>ചോദ്യം</u>**

**ശ്രീ. മോൻസ് ജോസഫ്**

**<u>ഉത്തരം</u>**

**ശ്രീ. ഉമ്മൻചാണ്ടി**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ നടക്കുന്ന ഫയൽ പ്രോസസിംഗും ഫയൽ നീക്കവും പെറ്റീഷൻസിന്റെ സ്ഥിതിയും എം.എൽ.എ മാർക്ക് അറിയുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ; | (എ) യും (ബി) യും | സെക്രട്ടേറിയറ്റിൽ ഫയൽ നീക്കവും പെറ്റീഷൻസിന്റെ സ്ഥിതിയും ഓൺലൈനിലൂടെ സെക്രട്ടേറിയറ്റിൽ വരാതെ തന്നെ നിരീക്ഷിക്കുന്നതിന് വേണ്ടി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഫർമേഷൻ ആന്റ് ഡേറ്റാ എക്സ്ചേഞ്ച് അഡ്വാൻസ്ഡ് സിസ്റ്റം(ഐഡിയാസ്) എന്ന സംവിധാനത്തിലൂടെ സർക്കാർ വെബ്സൈറ്റിൽ നിന്നും എം.എൽ.എ മാർ ഉൾപ്പടെ എല്ലാവർക്കും ഈ സൗകര്യം ലഭ്യമാണ്. നാഷണൽ ഇൻഫർമാറ്റിക് സെന്ററിന്റെ സഹായത്തോടെയാണ് സർക്കാർ ഈ സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്. |
| (ബി) | ഐ.ഡി.ഇ.എ എന്ന സോഫ്റ്റ്‌വെയറിന്റെ സേവനം എം.എൽ.എ മാർക്കും ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | | |
| (സി) | ഓരോ ഫയലും, പെറ്റീഷനും സെക്രട്ടേറിയറ്റിലെ വിവിധ തട്ടുകളിൽ എത്തുമ്പോൾത്തന്നെ അവ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | ഐഡിയാസ് സംവിധാനത്തിൽ ഇതിനുള്ള സൗകര്യം ഉണ്ട്. |

സെക്ഷൻ ഓഫീസർ